പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1296 03.10.2016 ൽ മറുപടിക്ക്

## ആറന്മുള വിമാനത്താവളം

### ചോദ്യം

**ശ്രീ. പി.സി. ജോർജ് :**

(എ) ആറന്മുള വിമാനത്താവളം ഉൾപ്പെട്ട നെൽവയൽ പ്രദേശങ്ങൾ വ്യവസായ മേഖലയായി പ്രഖ്യാപിച്ച് മുൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പുതിയ സർക്കാർ അധികാരത്തിൽ വന്ന ശേഷം റദ്ദ് ചെയ്ത് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വിമാനത്താവള കമ്പനിയ്ക്ക് അനുകൂലമായി വ്യവസായ മേഖല യായി പ്രഖ്യാപിച്ച് മുൻസർക്കാർ ഇറക്കിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഈ പ്രദേശത്തെ ജനങ്ങൾ ഒന്നടക്കം പ്രസ്തുത വിമാനത്താവളത്തിന് എതിരാണെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് നിലവിൽ നാല് വലിയ വിമാനത്താവളങ്ങൾ ഉണ്ടെന്നിരിക്കെ നെൽവയലുകൾ നികത്തി ഉണ്ടാക്കുവാൻ പദ്ധതിയിട്ട വിമാനത്താവളത്തിന് പ്രസക്തി ഇല്ലെന്നുള്ള കാര്യം മനസ്സിലാക്കി അനുകൂല നടപടി സ്വീകരിയ്ക്കുമോ;

(എഫ്) ഈ വിമാനത്താവളത്തിനെ സംബന്ധിച്ച് പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ ആശങ്ക മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

### മറുപടി

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും (എഫ്) ഉം ആറന്മുള വിമാനത്താവള നിർമ്മാണം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 08.09.2010 ലെ ജി.ഒ (ആർ.റ്റി) നമ്പർ. 1262/2010/വ്യവ ഉത്തരവും 24.02.2011 ലെ ജി.ഒ(പി) നം. 54/11/വ്യവ (SRO NO. 185/11) നമ്പർ വിജ്ഞാപനവും 16.01.2013 ലെ ജി.ഒ (എം.എസ്) നമ്പർ. 4/13/ഗത നമ്പർ ഉത്തരവും റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിമാനത്താവളത്തിന് എതിർപ്പുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ മേഖലയായി പ്രഖ്യാപിച്ച് പുറപ്പെടുവിച്ചിട്ടുള്ള 24.02.2011 ലെ ജി.ഒ(പി) നം. 54/11/വ്യവ (SRO NO. 185/11) നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ